കോടി രൂപ ചെലവഴിച്ചു. പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഇ) 10 ആംബുലൻസ് വാനുകളും 4 ആംബുലൻസ് ബോട്ടുകളും അടിയന്തിര വൈദ്യസഹായം നൽകുന്നതിലേയ്ക്കായി വാങ്ങി ആയത് ലഭ്യമല്ലാതിരുന്ന തീരദേശ ആരോഗ്യ കേന്ദ്രങ്ങളിൽ ഈ പദ്ധതി പ്രകാരം വാങ്ങി വിതരണം നടത്തി. കൂടാതെ സാധാരണ ജനങ്ങൾക്ക് അടിയന്തിര വൈദ്യസഹായത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട തീരദേശ ആരോഗ്യ കേന്ദ്രങ്ങളിൽ കാർഡിയാക് മോണിറ്ററുകൾ, എച്ച്.പി. സ്റ്റെറിലൈസറുകൾ, ഫീറ്റൽ ഹാർട്ട് മോണിറ്ററുകൾ, ക്രയോസർജറി യൂണിറ്റുകൾ, അനസ്തേഷ്യാ മെഷീൻ മുതലായവയും കട്ടിൽ, കിടക്ക, ടെലിഫോൺ എന്നിവയും മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള റഫ്രിജറേറ്ററുകളിലും വാങ്ങി ആവശ്യാനുസരണം വിതരണം ചെയ്തിട്ടുണ്ട്. ബ്ലഡ്ബാങ്ക് കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ എന്നിവ 98 ആശുപത്രികളിൽ ഈ പദ്ധതിയിൻ കീഴിൽ പണികഴിപ്പിച്ചിട്ടുണ്ട്.

എല്ലാ പഞ്ചായത്തുകളിലും മൃഗചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി

25 (*325)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മൃഗചികിത്സാ സൗകര്യങ്ങൾ ലഭ്യമാണോ;

(ബി) മൃഗചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ സംസ്ഥാനത്തുണ്ട്; അവ നികത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) മലപ്പുറം ജില്ലയിലെ എടയാർ, കുറവ, പൂക്കോട്ടൂർ, പൊൻമല, എടപ്പാൾ, കണ്ണൂർ ജില്ലയിലെ വളപ്പട്ടണം, തൃശൂർ ജില്ലയിലെ ഒല്ലൂക്കര, പത്തനംതിട്ട ജില്ലയിലെ ഐരവൻ എന്നീ പഞ്ചായത്തുകൾ ഒഴികെ മറ്റെല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികൾ നിലവിലുണ്ട്.

(ബി) മൃഗാശുപത്രികൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 942 ഒഴിവുകൾ ഉണ്ട്. ഇതിലേക്കായി 16.12.97-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷ ജയിച്ചവർക്ക് മൃഗസംര

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണ വിഷയങ്ങളിൽ 6 മാസത്തെ പരിശീലനം നൽകി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. 405 പേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ട്. 600 പേർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ രക്തബാങ്കുകൾ

26 (*326)ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര രക്തബാങ്കുകൾ ഉണ്ട്, ഇവയിൽ എത്ര എണ്ണം സർക്കാർ ഉടമസ്ഥതയിലുള്ളതാണെന്ന് അറിയിക്കുമോ;

(ബി) ബ്ലഡ് ബാങ്കുകളിൽ പ്രൊഫഷണൽ രക്തവിൽപ്പനക്കാർ രക്തം ഇടയ്ക്കിടെ നൽകുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രക്തബാങ്കുകളിലെ രക്തം രോഗാണു വിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങൾ, ഓഫീസുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടേയും, ജീവനക്കാരുടേയും രക്തഗ്രൂപ്പിംഗ് നടത്തുവാനും രക്തദാതാക്കളുടെ സമിതിയുണ്ടാക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) സംസ്ഥാനത്ത് 107 രക്ത ബാങ്കുകൾ ഉണ്ട്. ഇവയിൽ 30 എണ്ണം സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു.

(ബി) ഇല്ല. പ്രൊഫഷണൽ രക്തദാനം 1998 ജനുവരി മുതൽ നിർത്തലാക്കിയിരിക്കുകയാണ്.

(സി) ഉണ്ട്

(ഡി) എല്ലാ വിഭാഗം ജനങ്ങൾക്കും സ്വമേധയാ പ്രതിഫലേച്ഛകൂടാതെ രക്തം ദാനംചെയ്യുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ഇതിനായി സന്നദ്ധസംഘടനകൾ പ്രവർത്തിച്ചുവരുന്നു.

ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര പദ്ധതി

27 (*327)ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly